# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2860 : 20/07/2011 -ൽ മറുപടിക്ക്**

**വ്യവസായ നയം**

ചോദ്യം ഉത്തരം

**ശ്രീ. എം. വി. ശ്രേയാംസ് കുമാർ :** **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**

(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വ്യവസായ നയം ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) | പുതിയ വ്യവസായ നയം ഉടനെ പ്രഖ്യാപിക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി നിക്ഷേപകരെ ആകർഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാൻ വ്യക്തമായ നടപടികൾ എടുത്തുവരികയാണ്. സംസ്ഥാനത്തിന്റെ പ്രത്യേക സാമ്പത്തിക മേഖല (SFZ) നയം കേന്ദ്ര സർക്കാരിന്റെ നയവുമായി ഏകോപിപ്പിക്കാനുള്ള ശ്രമം നടന്നുവരികയാണ്.<br>സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെക്കുറിച്ച് വിവിധ രാജ്യങ്ങളിലെ അംബാസിഡർമാർ, ഹൈക്കമ്മീഷണർമാർ എന്നിവരുമായി ഡൽഹിയിൽ ചർച്ചകൾ നടത്താനും |

| | | | |
|---|---|---|---|
| | | | ആലോചിക്കുന്നുണ്ട്.<br>ഇതോടൊപ്പം കേരളത്തെ ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമായി പ്രതിഷ്ഠിക്കുവാൻ 'ഇമേർജിംഗ് കേരള്' എന്ന നിക്ഷേപക സംഗമം നടത്തുന്നതിനും ആലോചിക്കുന്നു. കൂടാതെ നിക്ഷേപകരെ ആകർഷിക്കുന്നതിനായി താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു.<br>1. കമ്പോള വിലയിലും വളരെ താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഭൂമി നൽകൽ.<br>2. ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് വേണ്ട മൂലധന വായ്പ ലഭ്യമാക്കുന്നു.<br>3. സംസ്ഥാന നിക്ഷേപ സബ്സിഡി നൽകൽ.<br>4. വനിതാ വ്യവസായ സംരംഭകർക്ക് വനിതാ വ്യവസായ പദ്ധതിയിൻ കീഴിൽ മാർജിൻ മണി ഗ്രാന്റ്, മാർക്കറ്റിംഗ് അസിസ്റ്റൻസ്, പരിശീലനം എന്നിവ നൽകുന്നു.<br>5. ഏകജാലക സംവിധാനങ്ങളിലൂടെ (ഗ്രീൻ ചാനൽ കൗണ്ടർ) ക്ലിയറൻസുകളും |

| | | | |
|---|---|---|---|
| | | | ലൈസൻസുകളും വേഗമാക്കൽ.<br>6. വ്യവസായ സംരംഭകർക്ക് സെമിനാറുകളും പരിശീലനവും നടത്തുക.<br>7. പ്രദർശന വിപണന മേളകളിലൂടെ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിന് സൗകര്യം ഒരുക്കുക.<br>8. വ്യവസായ സംരംഭകർക്കാവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നടത്തുക.<br>9. ലഘു ചെറുകിട സംരംഭകരുടെ, കാലതാമസം നേരിടുന്ന വിറ്റുവരവ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് മൈക്രോ സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.<br>10. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നല്കുന്നതിനായി സംവിധാനം.<br>11. കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾക്കുള്ള പ്രത്യേക സാമ്പത്തിക സഹായങ്ങൾ;<br>12. വ്യവസായ സഹകരണ |

| | | | |
|---|---|---|---|
| | | | മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ.<br>13. അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്.<br>14. സാങ്കേതിക വിദ്യാ വികസന നിധി.<br>15. ഗവേഷണ കേന്ദ്രങ്ങൾ, ഗവേഷണ ലബോറട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.<br>16. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ലസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജനപ്പെടുത്തുന്നു.<br>17. വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സഹായം.<br>18. കേരളത്തിൽ സ്ഥലത്തിന്റെ പരിമിതി പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭം ആരംഭിക്കുന്നതിലേയ്ക്ക് ബഹുനില വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും അവയുടെ അക്കൗണ്ടബിലിറ്റി, പ്രൊഫഷണലിസം, എഫിഷ്യൻസി എന്നിവ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ